# കുഞ്ഞുമഴയ്ക്കും മോഹം

നിഷ സി



ചിത്രീകരണം: രാജീവ് എൻ ടി


PVG
CHEMMARAVAYAL
5506
5506

# കുഞ്ഞുമഴയ്ക്കും മോഹം

നിഷ സി

ചിത്രീകരണം രാജീവ് എൻ ടി

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്


അമ്മമടിത്തട്ടീന്ന് ഊർന്നിറങ്ങുമ്പം
കുഞ്ഞുമഴയ്ക്കും ഉണ്ടായിരുന്നു
ഒരുപാട്...ഒരുപാട്
മോഹങ്ങൾ....
പിന്നെ കുറെ
അതിമോഹങ്ങളും......

പഴയപള്ളിക്കൂടത്തിലൊന്ന് പോവണം. ആമിനാന്റെ
തട്ടത്തിലൂടെ ഊർന്നിറങ്ങി തോളിൽ ചെന്ന്
ഇക്കിളിയാക്കണം... ഹി... ഹി





അപ്പൂന്റെ പുസ്തക സഞ്ചിയിലൂടെ അരിച്ചിറങ്ങി
ഭാഷാപുസ്തകത്തിൽ കേറിപ്പറ്റണം.
ആശാനെ നോക്കി കണ്ണുരുട്ടണം.
ബഷീറിനോട് കൊഞ്ചണം.
കുഞ്ഞുണ്ണി മാഷോടൊത്ത്
പാടണം.... ആർണം.



ആയിശാത്താന്റെ വീടിന്റെ പൊട്ടിയ
ഓടിലൂടെ പതുങ്ങിയിറങ്ങി അടുക്കളയിൽ
കേറി പത്തിരിയും കോഴിയിറച്ചിയും
കട്ടുതിന്നണം...






രാഹുൽ മുറ്റത്തിറക്കിവിട്ട കടലാസ് വഞ്ചിയെ ഒഴുക്കി....
ഒഴുക്കി.... പറമ്പിലൂടെ...... തോട്ടിലൂടെ....
പുഴയിലെത്തിക്കണം...





പുഴ കാണാൻ വരുന്ന രോഹിണിയുടെയും കൂട്ടുകാരുടേയും
മുന്നിലൂടെ കുണുങ്ങി കുണുങ്ങി.... ഗമയോടെ ഒഴുകണം.





അതിമോഹങ്ങൾ വേറെയും....
കണ്ണിമാങ്ങ പറിക്കണം
ഗോളി കളിക്കണം....

വാഴത്തോപ്പിലൊളിച്ചിരിക്കുന്ന കുഞ്ഞൂഞ്ഞിന്റെ
കോളറിനു പിടിക്കണം...എത്രയെത്ര മോഹങ്ങൾ...



പക്ഷേ.....


ഹൈടെക് ആയ പള്ളിക്കൂടത്തിന്റെ
കോൺക്രീറ്റ് തറയിൽ തലയിടിച്ചു വീണു.





പിടഞ്ഞെണീറ്റപ്പോൾ ആമിനാന്റെ
റെയിൻകോട്ട് കണ്ട് ഞെട്ടി....






അപ്പൂന്റെ സ്കൂൾ ബാഗ് സ്കൂൾ ബസ്സിൽ സേഫാ
യിരുന്നതോണ്ട് കുഞ്ഞിമഴയ്ക്ക് കയറാനായില്ല.
ഭാഷാ പുസ്തകം കാണാനേ പറ്റിയില്ല.



കോൺക്രീറ്റ് ഷീറ്റ് കൊണ്ട് പൊതിഞ്ഞ ആമിനാത്താന്റെ
അടുക്കള ജനലിലൂടെ ഒളിഞ്ഞു നോക്കിയപ്പം കാറ്ററിങ്ങ്
കാരൻ വരുന്നതും കാത്ത് ചെമ്പും ഉരുളിയും മയങ്ങുകയാണ്.



കടലാസ് വഞ്ചിയുണ്ടാക്കാൻ നേരമില്ലാത്ത രാഹു
ലിന്റെ കയ്യിൽ നിന്നും താഴെ വീണ ഫൈവ് സ്റ്റാർ
റാപ്പറിനൊപ്പം ഒഴുകി ഒഴുകി പുഴയിൽ എത്തി.





പുഴവക്കത്തിരുന്ന് മൊബൈലിന് റേഞ്ച്
പിടിക്കുകയായിരുന്ന രോഹിണിയും കൂട്ടു
കാരും സെൽഫിയെടുക്കുമ്പോൾ കുഞ്ഞു
മഴയെ നോക്കിയതേ ഇല്ല....



കണ്ണിമാങ്ങയില്ല... ഗോലികളിയും
ഒളിച്ചു കളിയും ഇല്ല....

''ഞാനിനി വരൂം...... ഇല്ല''
കുഞ്ഞി മഴ പിണങ്ങി.....



# കുഞ്ഞുമഴയ്ക്കും മോഹം

ഒരു മഴത്തുള്ളിയുടെ കുഞ്ഞുമോഹങ്ങളും യാത്രയുമാണ് കുഞ്ഞുമഴയ്ക്കും മോഹം. കൊച്ചു കൂട്ടുകാർക്ക് വായിച്ചു കൊടുക്കാനും വായിച്ചു തുടങ്ങുന്ന കൂട്ടുകാരെ വായനയിലേക്ക് കൊണ്ടുപോകാനും കുഞ്ഞു ഭാവനകളെ വളർത്താനും ഈ പുസ്തകം ഉപകരിക്കും.

ISBN 938713648-5

9789387136489

6+

₹ 50.00

കഥ

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

KSICL 1012